LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

84(5669) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിലെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം പദ്ധതിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അവരുടെ പേരും മേൽവിലാസവും ഉൾപ്പെടെ വ്യക്തമാക്കാമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്കായി ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിലെ 5 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ടി മത്സ്യത്തൊഴിലാളികളുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു :

ക്രമ നമ്പർ	പേരും മേൽവിലാസവും
1.	രാജേഷ് വർഗീസ്, പീസ് കോട്ടേജ്, കിടങ്ങയം, ആറനാട്
2.	ജോയി, s/o. ലാസർ, മേരിവിലാസം, കിടങ്ങയം, ആറനാട്
3.	വേണുഗോപാൽ, 10-ൽ ചിറ, ആറ്റുവാത്തല, തെക്കേക്കര
4.	നെപ്പോളിയൻ, ജോൺവിലാസം, ആറനാട്
5.	ബിജു ജോസഫ്, വലിയപറമ്പിൽ, ആറനാട്

(ബി&സി) ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതി 2014-15, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15, ഭവന നിർമ്മാണ പദ്ധതി 2015-16 എന്നീ ഭവനനിർമ്മാണ പദ്ധതികളാണ് മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകപ്പിൽ നിലവിലുള്ളത്. ടി പദ്ധതികൾ പ്രകാരം 2,00,000 രൂപ വീതം ഭവനനിർമ്മാണ ധനസഹായമായി മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു.

ഇവയിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (IDFV) 2014-15 ഭവന നിർമ്മാണ പദ്ധതി 2015-16 എന്നിവ 100% സംസ്ഥാന പദ്ധതിയും ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി 2014-15 (NFWF) 50% കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുമാണ്. NFWF പദ്ധതി പ്രകാരം 75,000 രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. 37,500 രൂപ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതമായ 37,500 രൂപയ്ക്ക് പുറമേ 1.25 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വഹിക്കുന്നു. പ്രസ്തുത പദ്ധതികൾ പ്രകാരം ആലപ്പുഴ ജില്ലയിൽ ചുവടെ ചേർക്കും പ്രകാരം യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം
1	IDFV 14-15	300
2	NFWF 14-15	150
3	ഭവന പദ്ധതി 2015-16	800

രാജാജി നഗർ കോളനിയിലെ ജിഇവിന്റെ ആത്മഹത്യ

85(5670) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെറ്റിക്കേസുകളിലും മറ്റും അറസ്റ്റ് ചെയ്യപ്പെടുന്നവർ പോലീസിന്റെ ക്രൂരമർദ്ദനങ്ങളേയും മറ്റുതരത്തിലുള്ള പീഡനങ്ങളേയും തുടർന്ന് ആത്മഹത്യ ചെയ്യുന്നുവെന്ന പരാതി സർക്കാർ ഗൗരവകരമായി പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഇക്കഴിഞ്ഞ മേയ് മാസം 18-ന് പോലീസ് മർദ്ദനത്തെതുടർന്ന് രാജാജി നഗർ കോളനിയിലെ ജിഇ എന്ന യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിലുണ്ടാകുന്ന ഗുരുതര വീഴ്ച പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly